©
കേരള സർക്കാർ
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 13<br>Vol. XIII | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2024 ജൂലൈ 31<br>31st July 2024<br>1199 കർക്കടകം 16<br>16th Karkadakam 1199<br>1946 ശ്രാവണം 9<br>9th Sravana 1946 | നമ്പർ<br>No. 2477 |

### കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-എ) വകുപ്പ്

### വിജ്ഞാപനം

നമ്പർ 64/ലെഗ്. എ1/2024/നിയമം.

*തിരുവനന്തപുരം, 2024 ജൂലൈ 30*
*1199 കർക്കടകം 15*
*1946 ശ്രാവണം 8.*

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2024 ജൂലൈ 27-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. ജി. സനൽ കുമാർ,
*നിയമ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2024-ലെ 23-ാം ആക്റ്റ്

## 2024-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ആക്റ്റ്

2019 മാർച്ച് 31-ാം തീയതി അവസാനിച്ച സാമ്പത്തിക വർഷത്തിൽ ചില
സർവ്വീസുകൾക്കായി ആ വർഷത്തിൽ അനുവദിച്ച തുകകളിൽ
കവിഞ്ഞ് ചെലവാക്കിയ തുകകൾ നേരിടുന്നതിനായി
കേരള സംസ്ഥാന സഞ്ചിതനിധിയിൽ
നിന്നും ധനം വിനിയോഗിക്കാൻ
അധികാരപ്പെടുത്തുന്നതിന്
വ്യവസ്ഥ ചെയ്യുന്ന

ഒരു

ആക്റ്റ്

പീഠിക.—2019 മാർച്ച് 31-ാം തീയതി അവസാനിച്ച സാമ്പത്തികവർഷത്തിൽ ചില സർവ്വീസുകൾക്കായി ആ വർഷത്തിൽ അനുവദിച്ച തുകകളിൽ കവിഞ്ഞ് ചെലവാക്കിയ തുകകൾ നേരിടുന്നതിനായി കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ധനം വിനിയോഗിക്കാൻ അധികാരപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്യേണ്ടത് ആവശ്യമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയഞ്ചാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേര്.—ഈ ആക്റ്റിന് 2024-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ആക്റ്റ് എന്ന് പേര് പറയാം.

2. 2019 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തികവർഷത്തിൽ ചില അധിക ചെലവ് നേരിടുന്നതിനായി കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും 4422,18,58,468 രൂപ നൽകൽ.—പട്ടികയിലെ (2)-ാം കോളത്തിൽ നിർദ്ദേശിച്ചിട്ടുള്ള സർവ്വീസുകൾ സംബന്ധിച്ച് 2019 മാർച്ച് 31-ാം തീയതി അവസാനിച്ച സാമ്പത്തികവർഷത്തിൽ ആ സർവ്വീസുകൾക്ക് ആ വർഷത്തേയ്ക്കുവേണ്ടി അനുവദിച്ച തുകകളിൽ കവിഞ്ഞ് ചെലവാക്കിയ തുകകൾ നേരിടുന്നതിനായി പട്ടികയിലെ (3)-ാം കോളത്തിൽ നിർദ്ദേശിച്ചിട്ടുള്ള ഒട്ടാകെ നാലായിരത്തി നാന്നൂറ്റി ഇരുപത്തിരണ്ട് കോടി പതിനെട്ട് ലക്ഷത്തി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അൻപത്തെണ്ണായിരത്തി നാനൂറ്റി അറുപത്തിയെട്ട് രൂപ വരുന്ന തുക കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും നൽകുന്നതിനും വിനിയോഗിക്കുന്നതിനും അധികാരപ്പെടുത്തിയിരുന്നതായി കരുതപ്പെടുന്നതാണ്.

3. ധനവിനിയോഗം.—ഈ ആക്റ്റിൻകീഴിൽ കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും നൽകുന്നതിനും വിനിയോഗിക്കുന്നതിനും അധികാരപ്പെടുത്തിയിരുന്നതായി കരുതപ്പെടുന്ന തുകകൾ 2019 മാർച്ച് 31-ാം തീയതി അവസാനിച്ച സാമ്പത്തികവർഷം സംബന്ധിച്ച് പട്ടികയിൽ പറഞ്ഞിട്ടുള്ള സർവ്വീസുകൾക്കും ആവശ്യങ്ങൾക്കും വേണ്ടി വിനിയോഗിച്ചിട്ടുള്ളതായി കരുതപ്പെടുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പട്ടിക

(2-ഉം 3-ഉം വകുപ്പുകൾ കാണുക)

| (1) | | (2) | | (3) | | |
|---|---|---|---|---|---|---|
| | | | | *കവിഞ്ഞത്* | | |
| *ക്രമ നമ്പർ* | *ധനാഭ്യർത്ഥന നമ്പർ* | *സർവ്വീസുകളും ആവശ്യങ്ങളും* | | *നിയമസഭ വോട്ടു ചെയ്തത്* (₹) | *സഞ്ചിത നിധിയിൻമേൽ ചാർജ് ചെയ്തത്* (₹) | *ആകെ* (₹) |
| 1 | I | സംസ്ഥാന നിയമസഭ | റവന്യൂ | 64,47,966 | .. | 64,47,966 |
| 2 | | കടബാധ്യതകൾ | റവന്യൂ | .. | *1057,69,39,594* | 1057,69,39,594 |
| 3 | | പൊതുകടം തിരിച്ചടയ്ക്കൽ | മൂലധനം | .. | *3363,84,70,908* | 3363,84,70,908 |
| | | **ആകെ** | | **64,47,966** | ***4421,54,10,502*** | **4422,18,58,468** |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# GOVERNMENT OF KERALA

## **Law (Legislation-A) Department**

## NOTIFICATION

No. 64/Leg.A1/2024/Law. *Dated, Thiruvananthapuram, 30th July, 2024*
*15th Karkadakam, 1199*
*8th Sravana, 1946.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English Language of the Kerala Appropriation (No. 6) Act, 2024 (23 of 2024).

By order of the Governor,

K. G. SANAL KUMAR,
*Law Secretary.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

[Translation in English of "2024-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ആക്റ്റ്" published under the authority of the Governor.]

## ACT 23 OF 2024

THE KERALA APPROPRIATION (No. 6) ACT, 2024

*An Act to provide for the authorisation of appropriation of moneys out of the Consolidated Fund of the State of Kerala to meet the amounts spent on certain services during the financial year ended on the 31st day of March, 2019 in excess of the amount granted for those services and for that year.*

*Preamble.*—WHEREAS, it is necessary to provide for the authorisation of appropriation of moneys out of the Consolidated Fund of the State of Kerala to meet the amounts spent on certain services during the financial year ended on the 31st day of March, 2019 in excess of the amount granted for those services and for that year;

BE it enacted in the Seventy Fifth Year of the Republic of India as follows:—

1. *Short title.*—This Act may be called the Kerala Appropriation (No. 6) Act, 2024.

2. Issue *of ₹ 4422,18,58,468 out of the Consolidated Fund of the State of Kerala to meet certain excess expenditure for the financial year ended on the 31st day of March, 2019.*—From and out of the Consolidated Fund of the State of Kerala, the sum specified in column (3) of the schedule amounting to the sum of Rupees Four Thousand Four Hundred and Twenty Two Crore Eighteen Lakh Fifty Eight Thousand Four Hundred and Sixty Eight only shall be deemed to have been authorised to be paid and applied to meet the amounts spent for defraying the charges in respect of the services specified in column (2) of the schedule during the financial year ended on the 31st day of March, 2019 in excess of the amounts granted for those services and for that year.

3. *Appropriation.*—The sums deemed to have been authorised to be paid and applied from and out of the Consolidated Fund of the State of Kerala under this Act shall be deemed to have been appropriated for the services and purposes specified in the schedule in relation to the financial year ended on the 31st day of March, 2019.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## SCHEDULE

(*See* sections 2 and 3)

| (1) | | (2) | | (3) | | |
|---|---|---|---|---|---|---|
| | | | | *Excess* | | |
| *Sl. No.* | *Demand No.* | *Services and Purposes* | | *Voted by the Legislative Assembly* (₹) | *Charged on the Consolidated Fund* (₹) | *Total* (₹) |
| 1 | I | State Legislature | Revenue | 64,47,966 | .. | 64,47,966 |
| 2 | | Debt Charges | Revenue | .. | *1057,69,39,594* | 1057,69,39,594 |
| 3 | | Public Debt Repayment | Capital | .. | *3363,84,70,908* | 3363,84,70,908 |
| | | | **Total** | **64,47,996** | ***4421,54,10,502*** | **4422,18,58,468** |

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2024.07.31 07:56:41 +05:30